Mr. C. J. Mathew.—From the answer to sub-division (c) it is found that the paper has been sent to the Tahsildar and the same has been with him for the last three months. May I know whether any reminders have been sent to him?

Mr. T. M. Krishna Menon.—Must have been sent in the usual course.

Mr. C. J. Mathew.—May I know whether any has been sent?

Mr. T. M. Krishna Menon.—I cannot say unless I see the records.

Mr. C. J. Mathew.—Will you expedite?

Mr. T. M. Krishna Menon.—In every case I am expediting.

Auction of Shops.

422. മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—(a)ഷാപ്പുലേലക്കാർ മുഴുവായി അടച്ചിട്ടുള്ള നാലുമാസത്തെ കിസ്തുസംഖ്യ മാറാ കിസ്തു അടക്കാതെ മുടക്കം വരുത്തിയതിനാൽ പിഴയായി പിടിക്കാതെ മറുലേലംചെയ്തുകൊണ്ടു ഗവമ്മെണ്ടിലേക്കു വന്നിട്ടുള്ള നഷ്ടത്തിലേക്കു വല്ല ഷാപ്പുകാക്കും വകവെച്ചു കൊടുത്തിട്ടുണ്ടോ;

(b) ഉണ്ടെങ്കിൽ ആക്കില്ലാമെന്നു ദയവായി പറയാമോ;

(c) ഇങ്ങിനെ ചെയ്യുന്നതിലേക്കു പ്രത്യേകം വല്ല നിബന്ധനകളുമുണ്ടോ;

(d) ഈ കൊല്ലത്തിലും മേൽപ്രകാരം ചെയ്തുകൊടുക്കുന്നതിനു വല്ലവരും അപേക്ഷിച്ചിട്ടുണ്ടോ എന്നു ഗവമ്മെണ്ടു ദയവായി പറയാമോ?

മിസ്റ്റർ ടി. വി. രാമലിംഗഅയ്യർ.—(a) ഉണ്ടു്.

(b) കൌണ്സിൽ മേശപ്പുറത്തു വെച്ചിട്ടുള്ള സ്റ്റെയിറ്റുമെണ്ടു നോക്കുക. 1917 മുതൽക്കു ഇന്നേവരെയുള്ള വിവരം സ്റ്റേയിറ്റുമെണ്ടിൽ കാണിച്ചിട്ടുണ്ടു.

(c) ഇല്ല.

(d) ഉണ്ടു.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—ഈ സ്റ്റേറ്റ്മെണ്ടിൽ പറഞ്ഞിരിക്കുന്നവക്കു നഷ്ടം വിട്ടുകൊടുത്തതു് പ്രത്യേക വല്ല കാരണത്താലുമോ, അതല്ലാ ഗവർമ്മെണ്ടു ദയവായി വിട്ടുകൊടുത്തതൊ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—തീർച്ചയായി പറവാൻ സാധിക്കുകയില്ല. രണ്ടും ഉണ്ടായിരിക്കും. പത്തുപന്ത്രണ്ടു കൊല്ലത്തെ കാര്യങ്ങൾ. ഇപ്പോൾ ഉടനെ പറവാൻ എങ്ങിനെ സാധിക്കും?

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—ഫ്രാഡ്-ലെന്തു പറവാൻ സാധിക്കുമൊ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—അതും ഇപ്പോൾ പറവാൻ പ്രയാസമാണു്.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—ലേലം ചെയ്തിട്ടുള്ള കിസ്തു അടയ്ക്കാൻ ഒരു തീയതി നിശ്ചയിച്ചിട്ടില്ലേ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.— ഉവ്വു്, സാധാരണ 15-ാംനു.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—അങ്ങിനെ അടയ്ക്കാത്തപക്ഷം വീണ്ടും ലേലം ചെയ്യാമൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—ചെയ്യും. അതു ഫ-ാംനു-.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—ന-ാംനു-ക്കുശേഷം ലേലം രണ്ടാമതു വിളിച്ചു ഷാപ്പുകൾ ഉണ്ടാകുമൊ?

പ്രസിഡെണ്ട്.—രണ്ടാളോടും പറയുകയാണു്. രണ്ടുപേരും ഒരേസമയം നില്ക്കുന്നതു് രൂളിനു വിരോധമാണു്. ഒരാൾ ചോദിച്ചാൽ ആ ആൾ ഇരിക്കണം. ഉത്തരം പറയുന്ന ആൾ എഴുന്നേല്ക്കണം. നാം രൂൾ ശരിയായി അനുസരിക്കേണ്ടേ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—ഉണ്ടാകുമായിരിക്കാം.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—അങ്ങിനെ പ്രത്യേകം അനുവാദം കൊടുക്കുന്നതിനു് വല്ല നിയമവും ഉണ്ടോ? അതോ അമീനദാരന്മാർക്കു് തോന്നുന്നപ്രകാരമൊ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—അമീനദാരന്മാർക്കു തോന്നുമ്പോലെയല്ല. അതു സൂപ്രണ്ടാണു് നിശ്ചയിക്കുന്നതു്.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—ലേലം ചെയ്യുന്നതു സൂപ്രണ്ടിന്റെ അനുവാദത്തോടുകൂടിയാണൊ? സല്പേരു നീട്ടിക്കൊടുക്കുമെന്നു പറയുന്നു. എന്നാൽ ഫ-ാംനു-ക്കു വച്ചിരുന്ന ഷാപ്പുലേലം അന്നു് ഞായറാഴ്ച എന്ന കാരണത്താൽ ക്ന-ാംനു- ലേലം ചെയ്തിട്ടുണ്ടോ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—അങ്ങിനെ നടന്നതായി തോന്നുന്നില്ല.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—മൂന്നുമണിക്കകം പണം അടച്ചിരിക്കണം. അതു നേരത്തെ അറിയിച്ചിരിക്കും. മൂന്നുമണിക്കു പണം അടച്ചിട്ടില്ലെന്നു തോന്നിയാൽ തഹസീൽദാർ വരും. എന്നിട്ടു് അമീനദാരന്മാർക്കു ഇഷ്ടമുള്ള ഷാപ്പുകൾ ലേലംചെയ്യും. ഇഷ്ടമില്ലാത്തതു നീട്ടും. ഇഷ്ടമുണ്ടാകുന്നതും ഇല്ലാതാകുന്നതും ഏതുപ്രകാരമാണെന്നു എനിക്കു അറിഞ്ഞുകൂടാ. ഫ-ാംനു- ഞായറാഴ്ച ആയതുകൊണ്ടു ഈ കുന്നിയിൽ ക്ന-ാംനു- ഒരു ഷാപ്പു ലേലം വിളിച്ചു. അങ്ങിനെ ഒരു സമ്പ്രദായം ഈ ഡിപ്പാർട്ടുമെണ്ടിൽ നടക്കുന്നുണ്ടു്. അതു ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാനാണു് ഞാൻ ഈ ചോദ്യം അയച്ചതു്.

പ്രസിഡെണ്ട്.—ഏതു ഷാപ്പാണു്?

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—പേരാമംഗലം ഷാപ്പു്.

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—ഫ-ാംനു- ഞായറാഴ്ച ആയതുകൊണ്ടു് പണം അടയ്ക്കാൻ സാധിക്കയില്ലെന്നു കരുതി തഹസീൽദാർ ക്ന-ാംനു- ലേലം നിശ്ചയിച്ചു നടത്തിയതായിരിക്കണം.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—അന്നു പണമടയ്ക്കാത്ത ഷാപ്പുകൾ വളരെയുണ്ടു്. ഒരു ഒരൊറ്റ ഷാപ്പു മാത്രമെ അന്നു ലേലംവിളിക്കയുണ്ടായുള്ളൂ. അതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—ഫ-ാംനു- പണം അടയ്ക്കാത്ത ഷാപ്പു ക്ന-ാംനു- ലേലത്തിൽ വച്ചതായിരിക്കണം.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—അന്നു ഒരു പേരാമംഗലം ഷാപ്പു മാത്രം ലേലംവിളിക്കാനും മറ്റുള്ളവ വിളിക്കാതിരിക്കാനും വല്ല പ്രത്യേക കാരണവും ഉണ്ടോ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—അതു തഹസീൽദാരുടെ തീരുമാനമനുസരിച്ചിരിക്കും.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—ഒരു ദിവസത്തേക്കു വച്ചിരിക്കുന്ന ലേലം മാറ്റി മറ്റൊരു ദിവസമാക്കാൻ തഹസീൽദാരന്മാർക്കു വല്ല പ്രത്യേക അധികാരവും ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—തഹസീൽദാർക്ക് അതിനു അധികാരം ഇല്ല.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—ഒരു ഷാപ്പു മറുലേലം ചെയ്ത ശ്രീപാപഴയ ലേലക്കാരൻതന്നെ നടത്തുന്നതായാൽ ആ ഷാപ്പു അദ്ദേഹത്തിനു കൊടുക്കാൻ പാടില്ലെ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—അവരുടെ അപേക്ഷ ഉണ്ടെങ്കിൽ കൊടുക്കാം.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—ഇങ്ങിനെ തിരിയെ കൊടുക്കുന്നതിനു വല്ല പിഴയും ഈടാക്കാറുണ്ടൊ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—അതു സപ്ലിമെൻററി കൊസ്റ്റ്യൻ ആണെന്നു തോന്നുന്നില്ല.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—അതെ.

Mr. T. V. Ramalinga Ayyar—I want notice.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—ഓരോ കൊല്ലം കിസ്തു അടയ്ക്കാതെ മറുലേലം ചെയ്യേണ്ടിവന്ന ഷാപ്പുകൾ എത്രയുണ്ടു?

Mr. T. V. Ramalinga Ayyar.—I want notice.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം—രണ്ടാമതു മറുലേലം ചെയ്തതിനു ശേഷം വീണ്ടും മറുലേലം ചെയ്യേണ്ടിവന്ന ഷാപ്പുകൾ എത്രയുണ്ടു?

Mr. T. V. Ramalinga Ayyar.—Notice.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—രണ്ടാമതു മറുലേലം ചെയ്ത ഷാപ്പു മൂന്നാമതും ലേലം ചെയ്യുന്നതിലുണ്ടാകുന്ന നഷ്ടം ആദ്യലേലക്കാരൻ കെട്ടണമൊ രണ്ടാമത്തെ ലേലക്കാരൻ അടയ്ക്കുണോ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—അതാതു ലേലക്കാരൻ വരുത്തുന്ന നഷ്ടം അതാതു ലേലക്കാരൻ കെട്ടണം.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—രണ്ടാമത്തെ ആൾ വരുത്തുന്ന നഷ്ടം ആയാൾ കെട്ടാത്തപക്ഷം ആദ്യലേലക്കാരൻ ബാധ്യസ്ഥനല്ല അല്ലെ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—ആദ്യലേലക്കാരൻ വിളിച്ചുണ്ടാക്കുന്ന നഷ്ടം അയാൾതന്നെ കെട്ടണമെന്നാണു പറയുന്നതു.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—ഓരോ കൊല്ലം പണമടക്കാതിരിക്കുന്ന ഷാപ്പുകളെപ്പറ്റി സൂപ്രണ്ടു വല്ല അന്വേഷണവും നടത്തുകയുണ്ടായൊ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—കിസ്തു അടയ്ക്കാത്തവരെ ശരിപ്പെടുത്താൻ വേണ്ട ഉത്സാഹം നടക്കുന്നുണ്ടു.

മിസ്റ്റർ ഔസേപ്പ് പി. കുണ്ടുകുളം.—ഇപ്പോൾ നടക്കുന്ന സമ്പ്രദായം മനുഷ്യർക്കു വളരെ ബുദ്ധിമുട്ടുള്ളതാണെന്നു മാന്യനമ്പരിനു മനസ്സിലായിട്ടുണ്ടൊ?

മിസ്റ്റർ ടി. വി. രാമലിംഗ അയ്യർ.—ഞാൻ ഗവർമ്മെണ്ടു ഓർഡർ മുഴുവൻ അനുസരിച്ചാണു പ്രവർത്തിക്കുന്നതു.

Closing of a road in Mattancheri from use by all castes.

423. Mr. K. Ayyappan.—Will the Government be pleased to answer the following:—

LIBRARY ARCHIVES Kerala Legislative Assembly